# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *161 — 11-6-2018 - ൽ മറുപടിയ്ക്ക്

### ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>" റോഷി അഗസ്റ്റിൻ<br>" മോൻസ് ജോസഫ്<br>" പി.ജെ.ജോസഫ്: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനകൾ ശക്തമാക്കുമോ; | (എ) ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരേയും സംവിധാനങ്ങളേയും പ്രയോജനപ്പെടുത്തി സംസ്ഥാന വ്യാപകമായി നിരന്തരം പരിശോധനകൾ നടത്തി വരുന്നു. പെട്രോൾ പമ്പുകളിലെ സാധാരണ പരിശോധനകൾക്ക് പുറമേ മിന്നൽ പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തി വരുന്നു. കൂടാതെ ഫ്ലൈയിംഗ് സ്ക്വാഡുകളുടെ പ്രത്യേക മിന്നൽ പരിശോധനകളും നടത്താറുണ്ട്. പെട്രോൾ പമ്പുകളുടെ ഡിസ്പെൻസിംഗ് യൂണിറ്റുകൾ എല്ലാ വർഷവും പരിശോധന നടത്തി സീൽ ചെയ്യാറുണ്ട്. കൂടാതെ എല്ലാ മാസവും ഇടവിട്ട ദിവസങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുള്ളതും അളവിൽ വ്യത്യാസം കാണുന്ന യൂണിറ്റുകളിൽ കൂടിയുള്ള വിതരണം നിർത്തി വെയ്പ്പിക്കുകയും കൃത്യത ഉറപ്പ് വരുത്തിയശേഷം വിതരണം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു. ഇവയ്ക്ക് പുറമെ പ്രത്യേക വ്യാപാര മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ജി.എസ്.റ്റി നടപ്പിലാക്കിയപ്പോൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ശക്തമായ നടപടികളിലൂടെ ഒറ്റ ദിവസംകൊണ്ട് 84 വ്യാപാരികൾക്കെതിരെ കേസെടുത്തു. ജൂവലറികൾ, ഷോപ്പിംഗ് മാളുകൾ, മാർജിൻഫ്രീ മാർക്കറ്റുകൾ, പച്ചക്കറി ചന്തകൾ, ഇറച്ചി-മത്സ്യ വ്യാപാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തുടർച്ചയായി പരിശോധനകൾ നടത്തി വരുന്നു. വകുപ്പിന്റെ എല്ലാ വാഹനങ്ങളിലും ജി.പി.എസ് സംവിധാനം ഏർപ്പെടുത്തി. ജി.പി.എസ് സംവിധാനത്തിൽ ഉൾപ്പെടുത്തിയ സോഫ്റ്റ് വെയറിലൂടെ കോൾ സെന്ററിൽ ലഭിക്കുന്ന പരാതികൾക്ക് യഥാസമയം നടപടി |

സ്വീകരിക്കുന്നതിനായി പരാതിക്കാധാരമായ സ്ഥാപനം സ്ഥിതി ചെയ്യുന്നതിനടുത്ത് ലഭ്യമാകുന്ന വകുപ്പിന്റെ വാഹനം ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പരാതികൾക്ക് സത്വര നടപടി സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സുതാര്യം എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്ന പരാതികൾ കൂടി ജി.പി.എസ് സംവിധാനത്തിൽ ഉൾപ്പെടുത്തിയ സോഫ്റ്റ് വെയറിൽ ഇന്റഗ്രേറ്റ് ചെയ്യുവാൻ സാധിക്കുന്നതിനാൽ വകുപ്പിൽ ലഭിക്കുന്ന പരാതികൾ ഒറ്റ ഡാറ്റാ ബേസിൽ ലഭ്യമാകുകയും അതുവഴി ഉപഭോക്തൃ ചൂഷണം തടയുന്നതിനായുള്ള നടപടികളുടെ മോണിറ്ററിംഗ് കൃത്യമായും നടത്തുവാനും സാധിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കൂടുതൽ പട്രോളിംഗ് യൂണിറ്റുകൾ രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ